**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 656** **13-10-2026-ൽ മറുപടിയ്ക്ക്**

**കോതമംഗലം നിയോജകമണ്ഡലത്തിലെ കള്ള് ഷാപ്പിന്റെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ കള്ള് ഷാപ്പ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** കോതമംഗലം നിയോജകമണ്ഡലത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ പ്രവർത്തിച്ചിരുന്ന കോതമംഗലം എക്സൈസ് റേഞ്ചിലെ ടി.എസ്. നമ്പർ 38 മൈലൂർ കള്ളുഷാപ്പിന് സർക്കാർ മാനദണ്ഡങ്ങൾ പൂർണമായും പാലിച്ച് തന്നെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്. 22.06.2026-ന് പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കാൻ അനുവദിച്ച ലൈസൻസിന്റെ അടിസ്ഥാനത്തിൽ 23.06.2026-നാണ് ഷാപ്പ് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ കള്ളുഷാപ്പ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കള്ളുഷാപ്പ് പ്രവർത്തനം ആരംഭിച്ച ശേഷം കെട്ടിട ഉടമയും ലൈസൻസിയും തമ്മിൽ ഷാപ്പ് നടത്തുന്നതിനു നൽകിയ സമ്മതപത്രം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതായും പ്രദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് പൊതുജനങ്ങളുടെ സമാധാനത്തിന് ഭംഗം വരുത്തുന്ന സാഹചര്യം ഉണ്ടായതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർന്ന് കെട്ടിടത്തിന് മുകളിൽ മരം വീണ് മേൽക്കൂരയ്ക്കും ജനലുകൾക്കും ചുമരുകൾക്കും കേടുപാടുകൾ സംഭവിച്ചതിനാൽ 30.07.2026 മുതൽ ഷാപ്പ് പ്രവർത്തനം നിലച്ചിരിക്കുകയുമാണ്.

**(ബി)** പ്രാദേശികമായി ജനങ്ങൾക്കിടയിൽ വലിയ എതിർപ്പ് ഉയർന്ന പ്രസ്തുത കള്ള് ഷാപ്പിന്റെ പ്രവർത്തനം നിർത്തലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ?

**മറുപടി:** പ്രസ്തുത കള്ളുഷാപ്പിനെതിരെ പ്രാദേശികമായി എതിർപ്പ് ഉയർന്നതും പൊതുജനങ്ങളുടെ സമാധാനത്തിന് ഭംഗം വരുത്തുന്ന സാഹചര്യം നിലനിൽക്കുന്നതും മുപ്പത് ദിവസത്തിൽ അധികമായി പ്രവർത്തനം നിലച്ചിരിക്കുന്ന സാഹചര്യവും പരിഗണിച്ച് ഷാപ്പിന്റെ പ്രവർത്തനം തൽസ്ഥലത്തു നിന്നു മാറ്റുന്നതിനോ നിർത്തലാക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. എന്നാൽ ലൈസൻസിയുടെ ഹർജിയിൽ ബഹു. കേരള ഹൈക്കോടതി W.P.(C)No. 22005/2026-ൽ പോലീസ് സംരക്ഷണം അനുവദിച്ചുകൊണ്ട് 06.07.2026-ന് ഉത്തരവിടുകയും ഉത്തരവിന്റെ കാലാവധി 02.11.2026 വരെ നീട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോതമംഗലം മുൻസിഫ് കോടതിയിൽ O.S. No. 438/2026-ൽ നിരോധന ഉത്തരവും നിലവിലുണ്ട്.

ആയതിനാൽ കേരള അബ്കാരി ഷാപ്പ് ഡിസ്പോസൽ ചട്ടങ്ങളിലെ ചട്ടം 7(3), 7(15) എന്നിവ പ്രകാരം സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ചുള്ള നിയമോപദേശവും നിലവിലുള്ള കോടതി ഉത്തരവുകളും പരിശോധിച്ച് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**